©
കേരള സർക്കാർ
Government of Kerala
2017

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY


| | | | | |
|---|---|---|---|---|
| വാല്യം 6<br>Vol. VI | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2017 ഫെബ്രുവരി 7<br>7th February 2017<br>1192 മകരം 25<br>25th Makaram 1192<br>1938 മാഘം 18<br>18th Magha 1938 | നമ്പർ<br>No. | 221 |


GOVERNMENT OF KERALA

**Parliamentary Affairs (A) Department**

ORDER

G. O. (P) No. 02/2017/PAD.

*Dated, Thiruvananthapuram, 4th February, 2017.*

**S. R. O. No. 60/2017.**— In exercise of the powers conferred by Section 9A of the Payment of Salaries and Allowances Act, 1951 (Act XIV of 1951), the Government of Kerala hereby enhance the value of free transit coupons to the Members of Legislative Assembly (other than the Speaker, the Deputy Speaker, the Leader of Opposition,

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2017.
33/415/2017/S-28.

the Chief Whip and the Ministers) from the existing aggregate value of ₹ 2,75,000 (Rupees Two Lakh Seventy Five Thousand only) to ₹ 3,00,000 (Rupees Three Lakh only) for a period of 12 calendar months.

By order of the Governor,

T. O. Sooraj,
*Secretary to Government.*

**Explanatory Note**

(This does not form part of the order, but is intended to indicate its general purport.)

As per the Section 9A of the Payment of Salaries and Allowances Act, 1951 (XIV of 1951) it shall be lawful for the Government to enhance, by order, from time to time, the aggregate value of free transit coupons considering the periodical increase in rail charges or hike in the price of petrol/diesel. Now, Government have decided to enhance the amount of Free Transit Coupons from ₹ 2,75,000 (Rupees Two Lakh Seventy Five Thousand only) to ₹ 3,00,000 (Rupees Three Lakh only).

This order is intended to achieve the above object.

41) 33/

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 02-02-2017.**

ഫയൽ നം.പാ.കാ.വ.-എ2/315/2016-പാ.കാ.വ. ഇനം നം: 679

വിഷയം : പാർലമെന്ററികാര്യ വകുപ്പ് - എം.എൽ.എ.-മാരുടെ സൗജന്യ യാത്രാ കൂപ്പണുകളുടെ മൂല്യം നിലവിലെ 2,75,000/- രൂപയിൽ നിന്ന് 3,00,000/- രൂപയായി ഉയർത്തുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു. ഇതോടൊപ്പം മുൻ എം.എൽ.എ.-മാരുടെ സൗജന്യ യാത്രാ കൂപ്പണുകളുടെ മൂല്യവും നിലവിലെ തുകയിൽ നിന്ന് 10,000/- രൂപ (പതിനായിരം രൂപ) കൂടി വർദ്ധിപ്പിക്കുവാനും തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

എസ്.എം. വിജയാനന്ദ്
ചീഫ് സെക്രട്ടറി

സെക്രട്ടറി, പാർലമെന്ററി കാര്യ വകുപ്പ്

2/17

29/

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

35) എം.എൽ.എമാരുടെ സൗജന്യ യാത്രാ കൂപ്പണുകളുടെ മൂല്യം നിലവിലെ 2,75,000 രൂപയിൽ നിന്ന് 3,00,000 രൂപയായി ഉയർത്തുന്നതിന് 1951 ലെ ശമ്പളവും ബത്തകളും നൽകൽ നിയമത്തിലെ വകുപ്പ് 9A(1)ൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്

36) 3.02.2014 തീയതിയിലെ സ.ഉ(പി) 02/2014/PAD നമ്പർ ഉത്തരവ് പ്രകാരം എം.എൽ.എമാരുടെ സൗജന്യ യാത്രാ കൂപ്പണുകളുടെ മൂല്യം 2,75,000 രൂപയായി വർദ്ധിപ്പിച്ചിരുന്നു. 1951-ലെ ശമ്പളവും ബത്തകളും നൽകൽ ആക്ടിലെ 9A വകുപ്പിന്റെ (1)ാം ഉപവകുപ്പിലെ വ്യവസ്ഥ ഉപയോഗിച്ച് സ്റ്റാറ്റ്യൂട്ടറി ഉത്തരവ് പ്രകാരം എം.എൽ.എമാരുടെ സൗജന്യ യാത്രാക്കൂപ്പണുകളുടെ മൂല്യം നിലവിലെ 2,75,000 രൂപയിൽ നിന്ന് 3,00,000 രൂപയായി ഉയർത്താവുന്നതാണ്.

37) എം.എൽ.എമാരുടെ സൗജന്യ യാത്രാ കൂപ്പണുകളുടെ മൂല്യം നിലവിലെ 2,75,000 രൂപയിൽ നിന്ന് 3,00,000 രൂപയായി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

'1951-ലെ ശമ്പളവും ബത്തകളും നൽകൽ നിയമത്തിലെ വകുപ്പ് 9A(1) പ്രകാരം സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ്, മന്ത്രിമാർ എന്നിവർ ഒഴികെയുള്ള നിയമസഭാ സാമാജികരുടെ സൗജന്യ യാത്രാകൂപ്പണുകളുടെ മൂല്യം 2,75,000/- രൂപയായി 03/02/2014 ലെ S.R.O No.91/2014 പ്രകാരം വർദ്ധിപ്പിച്ചു എങ്കിലും പ്രസ്തുത ഉത്തരവു തീയതിക്കുശേഷം പെട്രോൾ/ഡീസൽ വിലയിലും റെയിൽ ചാർജ്ജിലും ക്രമമായ വർദ്ധനവ് വന്നിട്ടുള്ളതിനാൽ നിയമസഭാ സാമാജികരുടെ സൗജന്യ യാത്രാകൂപ്പണുകളുടെ മൂല്യം മന്ത്രിസഭയുടെ അനുമതിക്ക് വിധേയമായി നിലവിലുള്ള 2,75,000/- രൂപയിൽ

നിന്നും 3,00,000/- രൂപയായി വർദ്ധിപ്പിക്കാൻ അനുമതി നൽകുന്നു. ഇതിന് ബഹു ധനകാര്യ മന്ത്രിയുടെ അംഗീകാരം ഉണ്ട്.'

38) നിയമസഭാ സാമാജികരുടെ സൗജന്യ യാത്രാ കൂപ്പണുകളുടെ മൂല്യം 3,00,000/- രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള സ്റ്റാറ്റ്യൂട്ടറി ഉത്തരവിന്റെ കരട് സൂക്ഷ്മപരിശോധനക്കായി നിയമവകുപ്പിലേയ്ക്ക് അയച്ചപ്പോൾ പ്രസ്തുത വകുപ്പിന്റെ അഭിപ്രായം ചുവടെ കണ്ടാലും.

'കൊടി X-ലെ കരട് സ്റ്റാറ്റ്യൂട്ടറി ഉത്തരവ്, ഭേദഗതി വരുത്തിയ പ്രകാരം ക്രമത്തിലാണ്. അതിലെ വിശദാംശങ്ങൾ ഭരണ വകുപ്പ് പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.'

39) ഈ സാഹചര്യത്തിൽ, പെട്രോൾ/ഡീസൽ വിലയിലും റെയിൽ ചാർജ്ജിലും വന്നിട്ടുള്ള ക്രമമായ വർദ്ധനവ് കണക്കിലെടുത്ത് നിയമസഭാ സാമാജികരുടെ സൗജന്യ യാത്രാകൂപ്പണുകളുടെ മൂല്യം നിലവിലുള്ള 2,75,000/- രൂപയിൽ നിന്നും 3,00,000/- രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള നിയമ വകുപ്പ് അംഗീകരിച്ച സ്റ്റാറ്റ്യൂട്ടറി ഉത്തരവ്, പുറപ്പെടുവിക്കേണ്ടതുണ്ട്.

40) ഈ വിഷയം മന്ത്രിസഭാ യോഗത്തിനു മുമ്പാകെ വയ്ക്കുന്നതിന് ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട കാര്യം

നിയമസഭാ സാമാജികരുടെ സൗജന്യ യാത്രാകൂപ്പണുകളുടെ മൂല്യം നിലവിലുള്ള 2,75,000/- രൂപയിൽ നിന്നും 3,00,000/- രൂപയായി വർദ്ധിപ്പിക്കാവുന്നതാണോ;